# ബുലൂഗുൽ മറാം
# (ഉദ്ദേശ്യ സാഫല്യം)




**ഫിഖ്ഹീ** വിഷയക്രമമനുസരിച്ച് ഹദീസുകൾ ക്രോഡീകരിച്ചിട്ടുള്ള ഒരു കൊച്ചുഗ്രന്ഥം. ഹാഫിള് ഇബ്നു ഹജറുൽ അസ്ഖലാനിയുടെ രചന. ശാഫിഈ മദ്ഹബിന്റെ കർമ ശാസ്ത്ര വിഷയങ്ങൾ ഹദീസുകളുടെ പിൻബലത്തോടെ ലളിതമായി അവതരിപ്പിക്കുന്ന ഹദീസ് കൃതിയാണിത്.

ശുചിത്വം, വെള്ളം, പാത്രം, മാലിന്യ നിർമാർജനം, അംഗസ്നാനം എന്നിങ്ങനെ വിഷയക്രമത്തിലാണ് ഹദീസുകൾ ക്രമീകരിച്ചത്. ഓരോ ഹദീസിന്റെയും അവസാനം അതിന്റെ അവലംബം പ്രത്യേകം ചേർത്തിരിക്കുന്നു. ഹദീസിന്റെ ബലാബലവും പരിശോധിക്കുന്നുണ്ട്. ബുഖാരി, മുസ്ലിം, അബൂദാവൂദ്, തിർമിദി, ഇബ്നു മാജ, നസാഈ, ദാറഖുത്നി, ത്വബറാനി, ബസ്സാർ, ഇമാം മാലിക്, ബൈഹഖി, ഇമാം അഹ്മദ്, ഇബ്നു ഹിബ്ബാൻ, ഇബ്നു ഖുസൈമ, ഹാകിം എന്നിവർ റിപ്പോർട്ട് ചെയ്ത ഹദീസുകളാണ് ഗ്രന്ഥത്തിന്റെ പ്രധാന അവലംബങ്ങൾ.

ഗ്രന്ഥകർത്താവായ ഇബ്നു ഹജറുൽഅസ്ഖലാനി ഹിജ്റ 773-ൽ ഈജിപ്തിൽ ജനിച്ചു. മരണം ഹിജ്റ 852-ൽ. ഹദീസ്, ചരിത്രം, സാഹിത്യം, കർമശാസ്ത്രം എന്നിങ്ങനെ വിവിധ വിഷയങ്ങളിലായി 150-ലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അൽ ഇസ്വാബതു ഫീ അസ്മാഇസ്സ്വഹാബ, തഹ്ദീബുത്തഹ്ദീബ്, നുഖ്ബതുൽ ഫിക്ർ എന്നിവ അദ്ദേഹത്തിന്റെ രചനകളാണ്. അസ്ഖലാനിയുടെ ഏറ്റവും വലിയ സംഭാവന *സ്വഹീഹുൽ ബുഖാരി*യുടെ വ്യാഖ്യാനമായ *ഫത്ഹുൽബാരി*യാണ്. ഇത് ഒരു ഹദീസ് വിജ്ഞാനകോശമാണെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മറ്റു ഗ്രന്ഥങ്ങളൊന്നും രചിച്ചില്ലെങ്കിൽപോലും ഈ ഗ്രന്ഥം മാത്രം മതി ഗ്രന്ഥകാരന്റെ പേര് അനശ്വരമാക്കാൻ.

ബുലൂഗുൽ മറാമിന്റെ 'സുബ്ലുസ്സലാം' എന്ന വ്യാഖ്യാനം പ്രസിദ്ധമാണ്. അറബിക് കോളേജുകളിലും മറ്റ് ഇസ്ലാമിക പാഠശാലകളിലും പാഠപുസ്തകമായി ബുലൂഗുൽമറാം ഉപയോഗിച്ചുവരുന്നു.